പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം . 3366

09.04.2013-ൽ മറുപടി
നൽകേണ്ടത്

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ)2013 ഫെബ്രുവരി മാസം 28-ന് പൊതുതാത്പര്യഹർജിയിൽ രണ്ടു മാസത്തിനുള്ളിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ ഭൂമി ഏറ്റെടുക്കുവാൻ കേരള ഹൈക്കോടതി ഉത്തരവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. WP(C) No:14251/2012, WP(C)No: 213/2013 എന്നി കേസുകളിന്മേലാണ് 28.02.2013 ൽ HML-ന്റെ കൈവശഭൂമി ഭൂസംരക്ഷണ നിയമപ്രകാരം രണ്ട് മാസത്തിനുള്ളിൽ . ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ ഹൈക്കോടതി ഉത്തരവായത്. |
| (ബി)എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുവാൻ കോടതി ഉത്തരവിട്ടത്; | (ബി) HML കൈവശത്തിലുള്ള പാട്ടക്കാലാവധി കഴിഞ്ഞ എല്ലാ ഭൂമിയും ഏറ്റെടുക്കാനാണ് കോടതി ഉത്തരവിട്ടത്. |
| (സി)പ്രസ്തുതഭൂമി സർക്കാർ ഏറ്റെടുത്താൽ ഭൂരഹിതരായ വളരെയധികം പേർക്കു ഭൂമി നൽകുവാൻ സാധിക്കുമെന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്താൽ ഭൂരഹിതരായവർക്ക് വിതരണം ചെയ്യാവുന്നതും സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾക്ക് പ്രയോജനപ്പെടുത്താവുന്നതുമാണ്. |
| (ഡി)പ്രസ്തുതഭൂമി ഏറ്റെടുക്കുവാൻ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;<br><br>(ഇ)ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ, വനം, നിയമം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരുടെ യോഗം സർക്കാർ വിളിച്ചുചേർക്കുകയുണ്ടായോ; വിശദമാക്കുമോ; | (ഡി) & (ഇ) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ റവന്യൂ, വനം, നിയമ വകുപ്പുകളുൾപ്പെട്ട ഒരു യോഗം സർക്കാർ വിളിച്ചു ചേർക്കുകയും, പ്രസ്തുത യോഗത്തിൽ ഹൈക്കോടതി ഉത്തരവനുസരിച്ച് HML കൈവശഭൂമി ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

എഫ്) ഭൂസംരക്ഷണനിയമപ്രകാരം ഭൂമി ഏറ്റെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ പുതിയ നിയമം നിർമ്മിക്കാൻ പ്രസ്തുതയോഗത്തിൽ നിർദ്ദേശമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

(എഫ്) ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ